LIBRARY ARCHIVES Kerala Legislative Assembly

(4) സീപോർട്ട്-എയർപോർട്ട് റോഡിന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. മുഹമ്മദാലി: സർ, കൊച്ചിയുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന സീപോർട്ട്-എയർപോർട്ട് പദ്ധതി തുടങ്ങിയയിടത്തുതന്നെ നിൽക്കുകയാണ്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി ത്വരിതഗതിയിൽ നടക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇതിനെ ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തിയെങ്കിലും പ്രവർത്തനം മുന്നോട്ടുപോകുന്നില്ല. ഈ പദ്ധതി വളരെ വർഷങ്ങൾക്കുമുമ്പേ ആരംഭിച്ചതാണ്. അങ്ങയുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു പദ്ധതിയാണിത്. കൊച്ചിയുടെ വികസനത്തെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. അതിനുവേണ്ടി തലസ്ഥാനനഗരിയുമായി ബന്ധപ്പെട്ട ഒരു കമ്മിറ്റി രൂപീകരണത്തെപ്പറ്റിയൊക്കെ പറഞ്ഞു. പക്ഷേ, ഇത്രയും പ്രധാനപ്പെട്ട ഒരു പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ ഇപ്പോഴും നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ഈ അക്വിസിഷൻ നടപടി വളരെ വേഗത്തിലാക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടി ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കൊച്ചിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനുള്ള ഏക മാർഗ്ഗമാണ് സീപോർട്ട്-എയർപോർട്ട് റോഡിന്റെ ഒന്നാംഘട്ട നിർമ്മാണം. കരിങ്ങാച്ചിറ മുതൽ കളമശ്ശേരി എച്ച്.എം.റ്റി. വരെയുള്ളത് പൂർത്തീകരിച്ച് ഗതാഗതത്തിനായി 2003 ജൂണിൽ തുറന്നുകൊടുത്തിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കളമശ്ശേരി മുതൽ നെടുമ്പാശ്ശേരിവരെയുള്ള റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ഇത് വളരെ മന്ദഗതിയിലാണെന്ന്. ഇതിന് ഒരു പ്രധാനപ്പെട്ട കാരണം ഫണ്ടിന്റെ ദൗർലഭ്യമാണ്. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കൊച്ചി നഗരത്തിന്റെ പൊതുവികസനത്തിനുവേണ്ടി തിരുവനന്തപുരം തലസ്ഥാന നഗരിയുടെ വികസനമാതൃകയിൽ അവിടെ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഡി.ടി.ആർ. തയ്യാറാക്കാനുള്ള ദർഘാസ് ക്ഷണിച്ചുകഴിഞ്ഞു. അതിന് പ്ലാൻ ഉണ്ടാക്കിയ സമയത്ത് വളരെ മുൻഗണന കൊടുത്ത പദ്ധതിയാണ് എയർപോർട്ട്-സീപോർട്ട് റോഡിന്റെ നിർമ്മാണം. ഇതിനാവശ്യമായ സ്ഥലം എടുക്കുന്നതിന് മറ്റ് മാർഗ്ഗങ്ങളുണ്ടോ എന്ന് സർക്കാർ നോക്കുന്നുണ്ട്. റോഡ് ഫണ്ടിൽനിന്നും ഏതെങ്കിലും വിധത്തിൽ കുറച്ച് പണം ഇതിന് വിനിയോഗിച്ച് സ്ഥലമെടുപ്പ് ത്വരിതപ്പെടുത്താൻ പറ്റുമോയെന്ന് പരിശോധിക്കുന്നതാണ്. മുന്തിയ പരിഗണനയാണ് ഈ കാര്യത്തിൽ ഗവൺമെന്റിനുള്ളത്. തീർച്ചയായും ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.